വാൽക്കഷണം രണ്ടാം ഭാഗം.......

# സൈപ്രസും മണ്ഢരിയും

❖മാസങ്ങളിൽ ഏപ്രിലാണ് ഏറ്റവും ക്രൂരമെന്ന് പൊതുവേ ഒരു പറച്ചിലുണ്ട്. ഇതു കേട്ടാൽ മെയ്സ് അലുമ്നിയിലെ ഒരു തലമുതിർന്ന നേതാവ് നിഷ്കളങ്കമായി ഒന്നു ചിരിക്കും. പിന്നെ ഒന്നു ഞെട്ടും. ഉറക്കത്തിൽപ്പോലുംഏപ്രിൽ എന്നു കേട്ടാൽ ഇദ്ദേഹം ഞെട്ടുന്നു. ഏപ്രിൽ അവിടെ നിക്കട്ടെ.ക്രിക്കറ്റ് എന്നു കേട്ടാലും ഇദ്ദേഹത്തിന് ഇതു തന്നെ അവസ്ഥ. ക്രിക്കറ്റോ?ഇത്രയും വൃത്തികെട്ട ഒരു കളി ഈ ഭൂലോകത്തിൽ വേറെ ഏതാണുള്ളതെന്നും ഇദ്ദേഹം അഭിപ്രായപ്പെടും. ഏപ്രിലും ക്രിക്കറ്റും വിട്ട് സൈപ്രസിലേക്ക് കടന്നാലോ? അത് ചീര പോലെ ഒരു ചെടിയല്ലേ? ഇതും അദ്ദേഹം തന്നെ ചോദിച്ചതാണ്.

❖മെയ്സ് ക്രിക്കറ്റ് ടീം കപ്പ് നേടിയേ തീരൂ എന്നൊക്കെ ഒരു വാശിക്കങ്ങു പറഞ്ഞെങ്കിലും ലവൻമാര് കപ്പുംകൊണ്ട് വരുമെന്ന് ആരും ഡ്രീമിൽപ്പോലും കരുതിയില്ലല്ലോ. ഏതായാലും വന്നതു വന്നു. ഇനി ചെയ്യാനുള്ളത് അടുത്ത വർഷമെങ്കിലും ലെവൻമാരെ സൂക്ഷിക്കുക. അതുമല്ലെങ്കിൽ ഒരു ഐഡിയ പറഞ്ഞുതരാം. ടീമിൽനിന്ന് ഫോമിലല്ലെന്നോ, ടെന്നീസ് എൽബോയെന്നോ പറഞ്ഞ് രണ്ടുമൂന്നുപേരെ മാറ്റിനിർത്തുക. പകരം സച്ചിൻ, രാഹുൽ ദ്രാവിഡ്, സൗരവ് ഗാംഗുലി, മലയാളിയാണെന്ന ഒറ്റ മുൻതൂക്കത്തിൽ ശ്രീശാന്ത് എന്നിവരെ ടീമിൽ ഉൾപ്പെടുത്തുക. ബാക്കി ലെവൻമാർക്ക് വിട്ടുകൊടുത്തേക്കുക. അവര് കൈകാര്യം ചെയ്തോളും. ശ്രീക്കുട്ടനെ കളിക്കാനിറക്കിയില്ലെങ്കിലും പുള്ളിക്കാരന് വിരോധമുണ്ടാകില്ല. കക്ഷി പുട്ടും കടലയും കഴിച്ച് ഗാലറിയിൽ എവിടെയെങ്കിലും വിശ്രമിച്ചോളും. പക്ഷേ, ഇവിടെ കളിക്കാനിറക്കിയില്ലെന്ന കാര്യം നാട്ടിൽപ്പോയി അമ്മയോടു പറയരുതെന്ന് പ്രത്യേകം പറയണം.

❖ഇനി ടീമിൽനിന്ന് ആരെയൊക്കെയാണ് പുറത്താക്കേണ്ടതെന്നും പറഞ്ഞുതരണോ ? ആദ്യമായി മാനേജർ സാറിനെ തന്നെയാകട്ടെ. മാനേജർക്ക് ക്രിക്കറ്റിലും ഇണങ്ങുന്നത് സിനിമാ അഭിനയമാണ്. 'ഉദയനാണ് താരം' എന്ന സിനിമയിലെ ഒരു പാട്ടുസീനിൽ ജഗതി, ശ്രീനിവാസനെ പല ഭാവത്തിൽ നടക്കാൻ പഠിപ്പിക്കുന്ന രംഗം ഓർക്കുന്നുണ്ടോ? ഒന്നാന്തരം നസ്രാണി പേരുള്ള ഇദ്ദേഹം ഇത് നന്നായി അഭിനയിക്കും. ഇത് പുള്ളിക്കാരൻ പറഞ്ഞതൊന്നുമല്ല. അടുത്ത ചടങ്ങിൽ ഇദ്ദേഹത്തിന്റെ ഭാവപ്രകടനങ്ങൾ ഒന്നു ക്ലോസായി വാച്ചുചെയ്താൽ മതി. മലയാള സിനിമയ്ക്ക് ഒരു അനുഗ്രഹീത കലാകാരനെ സമ്മാനിച്ചു എന്ന് മെയ്സ് അലുമ്നിക്ക് അഹങ്കരിക്കാം. മോനേ അനീഷേ.......ഗൾഫിൽ വന്നത് ക്രിക്കറ്റ് കളിക്കാനോ ജോലി ചെയ്യാനോ എന്ന് വിരട്ട് മോഡലിൽ ചോദിച്ചാൽ മതി അനീഷ് തനിയെ ഔട്ടായിക്കോളും. മൂന്നാമൻ ആളല്പം കേമൻ തന്നെ. ഇദ്ദേഹം അസലായി കൂവും. കൂവുന്നവരോട് സ്ഥിരം ചോദിക്കുന്ന ഒരു ഡയലോഗില്ലേ? കൂവാൻ നീയാരാ ..............നോ എന്ന്. മാനേജർക്ക് ഇദ്ദേഹത്തിന്റെ ഈ കഴിവി നെപ്പറ്റി അത്ര ധാരണ ഇല്ലാതെ പോയെന്നു മനസിലായി. ഇല്ലായിരുന്നെങ്കിൽ ആർ. ഇ.സിയെ കൂവിത്തോൽപ്പിക്കാൻ ടീം മാനേജർക്ക് ഇത്ര കഷ്ടപ്പെടേണ്ടിവരില്ലായിരുന്നു.

❖ആർ. ഇ. സിയെ തറപറ്റിച്ച് കപ്പ് കൈക്കലാക്കിയത് കളിക്കാരുടെ കേമം കൊണ്ടു മാത്രമാണെന്ന് ആർക്കൊക്കെയോ ഒരു ചിന്തയുണ്ട്. അതു ശരിയാണോ? അല്ല. ജയസൂര്യയുടെ

തലപോലെ (ഉദ്ദേശിച്ചത് സനത് ജയസൂര്യയെത്തന്നെ!) പരന്നുകിടക്കുന്ന സ്റ്റേഡിയത്തിൽ കൈകൊട്ടാനും, കൂവാനും, ചെണ്ടകൊട്ടാനും, കള്ളുകുടിക്കാനും, കപ്പയും മീനും കഴിക്കാനും വാടകയ്ക്ക് ആളെ ഇറക്കി മെയ്സിന് കപ്പ് വാടകയ്ക്ക് മേടിച്ചുകൊടുത്തത് നമ്മുടെ മാനേജരുതന്നെ. ദേ..........കളിക്കാരെല്ലാരും കൂടെ എന്നെ തല്ലാൻ വരുന്നേ.........ബാറ്റ് കൊണ്ടടിക്കരുതേ. പ്ലീസ്.....

❖ മെയ്സ് അലുമ്നി യു.എ.ഇ ചാപ്റ്ററിന്റെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു. എല്ലാവർക്കും അറിയേണ്ടത് ഒന്നുമാത്രം. ജയിച്ചാൽ സൈപ്രസിന് കൊണ്ടുപോകുമോ?

❖ അലുമ്നിയുടെ പുതിയ താരങ്ങളെ പരിചയപ്പെടുത്തിയില്ലല്ലോ? പ്രസിഡന്റ്- ശ്രീ. മാത്യു കാവാലം. 'ലൈഫ്ബോയ് എവിടെയുണ്ടോ അവിടെ അണുക്കളും' എന്നു പറയുംപോലെ ഇദ്ദേഹം എവിടെയുണ്ടോ അവിടെ ബെല്ലി ഡാൻസ് ഉറപ്പ്. ബിനു.എസ്- കേര പ്രതിനിധി, ആളുടെ രൂപഭാവങ്ങൾ ഒന്നു മനസിൽ ധ്യാനിക്കുക. ഇനി പറയൂ- ബിനു എവിടെയുണ്ടോ അവിടെ 'പുട്ടിന്' യാതൊരു കുറവും വരില്ല. അടുത്തയാളാണ് ഇതിലൊക്കെ വില്ലൻ. ജോമി- ജോയിന്റ് സെക്രട്ടറി. പരിപാടി തീരുംമുമ്പേ പുള്ളി ഒരു കൂട്ടത്തല്ല് ഒപ്പിച്ചിരിക്കും. നെപ്പോളിയൻ ആണെന്നാണ് വിചാരം. ചരിത്രമൊന്നും തപ്പിപ്പോകണ്ട. സിനിമയിലെ വില്ലൻ നെപ്പോളിയനെ തന്നെയാ ഉദ്ദേശിച്ചത്. അലുമ്നിയുടെ ഇനിയുള്ള എ ല്ലാ പരിപാടികളും സംഭവബഹുലമാകുമെന്ന് സാരം.

❖ തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ മൂന്നു പേർക്കും എന്തായിരുന്നു ഗമ. അവിടെകൂടിയിരുന്ന ബാക്കിയുള്ളവരൊക്കെ വെറും ഏഴാംകൂലികളെന്ന ഭാവത്തിൽ നില്പും നടപ്പും. സംഗതി ഇത്രേയുള്ളെന്നേ. പ്രൈമറിക്ലാസ് ടീച്ചർമാരോട് ചോദിച്ചാൽ ഇതിന്റെ ഗുട്ടൻസ് പറഞ്ഞു തരും. ക്ലാസിൽ ഏറ്റവും തല്ലുകൊള്ളിയും വികൃതിയും പിരുപിരുപ്പനുമായിട്ടുള്ള ഒരുത്തനെ പിടിച്ചങ്ങ് ലീഡറാക്കും. ടീച്ചറുടെ തലവേദന പകുതി തീർന്നുകിട്ടും. ഇവിടെയും അതുതന്നെ സംഭവിച്ചു. മൂന്നു തലവേദനകൾ മാറിക്കിട്ടി.

❖ കഴിഞ്ഞ ആഴ്ചയിലെ ഒരു വാരികയിൽ വന്ന ഡോക്ടറോടു ചോദിക്കുക പംക്തിയിൽനിന്ന്.........

എനിക്ക് 30 വയസായി. എൻജിനീയറിംഗ് കോളജിലെ എല്ലാ പരിപാടികളിലും സജീവമായി പങ്കെടുത്തിരുന്ന ഞാൻ ഒരു പുലി തന്നെയായിരുന്നു. പക്ഷേ, എനിക്കിപ്പോൾ സ്റ്റേജിൽ കയറിയാലും മൈക്ക് കൈയിലെടുത്താലും വല്ലാത്തൊരു വിറയൽ അനുഭവപ്പെടുന്നു. മനസിൽ ഉദ്ദേശിക്കുന്നതൊന്ന്, പറയുന്നത് വേറൊന്ന്. ഇതു കാരണം എനിക്ക് സ്റ്റേജ് കാണുന്നതേ പേടിയാണ്. ഇതിനൊരു പ്രതിവിധി എത്രയും പെട്ടെന്ന് പറഞ്ഞുതരുമോ ഡോക്ടർ.

ജയകൃഷ്ണൻ, ദുബായ്.

ഡോക്ടർ: താങ്കൾക്ക് വയസ് മുപ്പതായി ഇല്ലേ? എങ്കിലും പ്രയോഗിക്കാവുന്ന ഒരു ഒറ്റമൂലിയുണ്ട്. ആനയുടെ നടക്കീഴിലൂടെ ഒന്നു നടക്കുക. ഇഷ്ടാ...നിങ്ങള് അങ്ങ് ദുഫായിലാണല്ലേ. അവിടെ ആന ഇണ്ടാവുമോ എന്റെ കൃഷ്ണാ. തത്കാലം ആനയെ മനസിൽ ധ്യാനിച്ച് ഒട്ടകത്തിന്റെ നടക്കീഴിലൂടെ ഒന്നു നടക്കുക.

നീലകണ്ഠൻ വൈദ്യർ, നെന്മാറ.

**സിനിമയായാലും സീരിയലായാലും രണ്ടാം ഭാഗം വരുമ്പോൾ ആദ്യ ഭാഗത്തിലെ പ്രധാന താരങ്ങൾ ഇപ്പോൾ എങ്ങനെ, എവിടെ എന്നൊക്കെ അറിയാൻ പ്രേക്ഷകർക്ക് പ്രത്യേക താൽപര്യമുണ്ടാകും. ഇവിടെയും അതേ ശൈലി തുടരാം.**

✦ബെല്ലി ഡാൻസ് പോസ്റ്റലായി പഠിച്ചു മാസ്റ്ററായ സ്റ്റാൻലി ഹോളിവുഡിൽ അവസരം തേടി അങ്ങോട്ടു പറന്നു. സിനിമാഭിനയമാണ് മോഹമെന്ന് പറയുന്നുണ്ടെങ്കിലും ബെല്ലി ഡാൻസ റേയും ഒപ്പം കൂട്ടിയിട്ടുണ്ടെന്നാണ് അറിവ്. വാഷിംഗ്ടൺ ബസ് സ്റ്റോപ്പിൽ രണ്ടാളുടെയും ഒപ്പം ഒരു കൈക്കുഞ്ഞിനേയും കണ്ടത്രേ. ശിവ! ശിവ!

✦മരുഭൂമിയിൽക്കിടന്ന് തല്ലുകൂടിയതിന് പിടിയിലായ സുനിൽ കാസിമിനെ കൂടുതൽ ചോദ്യം ചെയ്യലിനായി ലണ്ടൻ പോലീസിന് കൈമാറി. അതല്ലേ പുള്ളിക്കാരനെ ഒരു ചടങ്ങിനും കാണാ ത്തത്. കീരിക്കാടൻ ജോസ് മോഡലിൽ കാസിം ഭായിയെ ഉടൻ പ്രതീക്ഷിക്കാം.

✦ബൾബ് പ്രശ്നത്തിൽ ഉന്നതതല അന്വേഷണം നേരിടുന്നതിനിടെ പിറന്ന മകൾക്ക് ബിനു .എസ് പേരിട്ടു- ബുൾബുൾ.

✦അമേരിക്കൻ ഓക്ഷനുശേഷം ബിനുവിനെ സാമ്പത്തികമായി സഹായിച്ചതിന്റെ പേരിൽ ഒറ്റപ്പെട്ടുപോയ ബിജിത്ത് സദാനന്ദൻ സി.എം.ഐ സഭയിൽ ചേരാൻ തീരുമാനിച്ചു.

✦എന്നെ തല്ലരുതമ്മാവാ ഞാൻ നന്നാകില്ല എന്ന മട്ടിലാണിപ്പോഴും ജോമി. തല്ലുമേടിച്ചേ അടങ്ങൂ. കുച്ച് നാ കഹോ.......മനസിലായില്ലേ? പറഞ്ഞിട്ടെന്തു കാര്യം എന്ന്.

✦ബെല്ലി ഡാൻസും ശാസ്ത്രത്തിന്റെ കണ്ടുപിടിത്തമാണോ എന്ന വിഷയത്തിൽ ഉപരിപഠനം നടത്തുന്ന റ്റിജു സക്കറിയ ലണ്ടനിലുണ്ടെന്നാണ് അറിവ്. ചില ആൾക്കാർക്ക് ലണ്ടനോട് ഒരു പ്രത്യേക താൽപര്യം ഉണ്ടാകുമല്ലോ. അത് അവരുടെ കുറ്റമല്ല.

✦സ്ഥിരം വൈകിയോടുന്ന ചില വണ്ടികളുണ്ട്. അവർക്ക് ഓരോ വാച്ച് സ്പോൺസർ ചെയ്താലോ എന്ന് ആലോചന വന്നതാണ്. പക്ഷേ, അതു
കൊണ്ടും കാര്യമില്ലെന്നു തോന്നിയതിനാൽ ശ്രമം തൽക്കാല
ത്തേക്ക് ഉപേക്ഷിച്ചിരിക്കുന്നു.

✦ഗ്ലോബൽ റീയൂണിയന്റെ സംപ്രേഷണം പേടിച്ച് മുഖ്യമന്ത്രിയുടെ കാലുപിടിച്ച് കട്ടാക്കിയ കേബിളുകൾ ഒന്നു കൂട്ടിച്ചേർക്കാനുള്ള പരക്കംപാച്ചിലിലാണ് ജിനോയിയും ബിനു നൈനാനും. അതിന്റെ തിരക്കാവാം രണ്ടാമത്തെ തല പിന്നെ കണ്ടിട്ടേയില്ല.

✦ഇനി മേലാൽ അറബിവേഷം കെട്ടിപ്പോകരുതെന്ന കർശന നിയന്ത്രണം മിസിസ് മാത്യു കാവാലം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ മിസ്റ്റർ കാവാലത്തിന്റെ നില അല്പം പരുങ്ങലി ലാണ്.

✦ഉത്തേജകമരുന്നിന്റെ അമിതോപയോഗമാണ് മുടികൊഴിച്ചിലിന് കാരണമെന്ന് ഹോമിയോ ഡോക്ടറായ ഭാര്യ ഊന്നി ഊന്നി പറഞ്ഞതിനാലാകാം ജയസൂര്യ ആ പരിപാടിയങ്ങു നിർത്തി.

❖ പുതിയ കേര പ്രതിനിധിയായ ബിനുവിനെ അഭിനന്ദിക്കാൻ ഫോണിൽ ബന്ധപ്പെട്ടവർക്ക് ശ്രീമാനെ കിട്ടുന്നില്ലെന്നു പരാതി. കേര എന്നു കേട്ടയുടനെ പുള്ളിക്കാരൻ നാട്ടിലേക്ക് പറന്നു. മൂന്നാഴ്ചത്തെ ട്രിപ്പാണ്. എന്തിനാണെന്നല്ലേ? ഇനി നേരിൽ കാണുമ്പോൾ ചോദിക്കില്ലെന്ന് ഉറപ്പു തരാമെങ്കിൽ പറയാം. കേര ഏതോ വെളിച്ചെണ്ണ കമ്പനിയാണെന്നാണ് ഇദ്ദേഹത്തിന് മനസിലായത്. അപ്പോൾ കേരയുടെ മീറ്റിംഗിന് വിളിച്ചാൽ എന്തെങ്കിലും നാലക്ഷരം പറയാൻ പറ്റണ്ടേ. ഇതിന്റെ ഭാഗമായി തെങ്ങ്, വെളിച്ചെണ്ണ, തേങ്ങ, കൊതുമ്പ്, മടൽ, വെള്ളയ്ക്കാ, ഓല, കൊപ്ര, ചകിരി, കോഞ്ഞാട്ട, മണ്ഡരി..........തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണത്തിനുശേഷം ശ്രീമാൻ ഉടൻ തിരിച്ചെത്തുന്നതായിരിക്കും.

♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦♦